പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2406

18/02/2016 -ൽ മറുപടിയ്ക്ക്

**ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാര സ്ഥാനികർക്കും കോലധാരികൾക്കുമുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാര സ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം നല്കി വരുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | ഉണ്ട്. ആചാരസ്ഥാനികർക്ക് 800/- രൂപാ പ്രകാരവും കോലധാരികൾക്ക് 700/- രൂപാ പ്രകാരവും പ്രതിമാസ ധനസഹായം നൽകി വരുന്നുണ്ട്. |
| ബി) | പ്രസ്തുത ഇനത്തിൽ നിലവിൽ എത്ര മാസത്തെ കുടിശ്ശിക നല്കാനുണ്ട് എന്നറിയിക്കുമോ; | ബി) | ആറ് മാസം |
| സി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയിൽ എത്ര പേരെ സാമ്പത്തിക സഹായത്തിനായി കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | സി) | 601 ആചാരസ്ഥാനികരേയും, 89 കോലധാരികളേയും കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തണമെന്ന നിരന്തരമായുള്ള ആവശ്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | ഡി) | നിലവിൽ ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാരസ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം അനുവദിക്കുന്നതിലേക്കായി ബഡ്ജറ്റിൽ ഒരു കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. കൂടുതൽ തുക വകകൊള്ളിച്ചാൽ മാത്രമേ പുതിയ അപേക്ഷകൾ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. കൂടുതൽ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിലേക്കായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ